പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2664 12/03/2018-ൽ മറുപടിക്ക്

## കെ.ഇ.ആർ ഭേദഗതി ഉത്തരവ് തിരുത്താൻ നടപടി

**ചോദ്യം**

ശ്രീ. പി.ടി.എ റഹീം:

**ഉത്തരം**

പ്രൊഫ. സി. രവീന്ദ്രനാഥ്
(വിദ്യാഭ്യാസ വകുപ്പമന്ത്രി)

(എ) 03-12-2016-ലെ 199/2016 നമ്പർ ഉത്തരവ് പ്രകാരം നടപ്പിലാക്കിയ കെ.ഇ.ആർ ഭേദഗതിക്ക് 29/01/2016 മുതൽ മുൻകാല പ്രാബല്യം നൽകിയത് കാരണം 01-06-2016 മുതൽ 02-12-2016 വരെ എയ്ഡഡ് സ്കൂളുകളിൽ നിയമനം ലഭിച്ച അദ്ധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കാത്തതിനാൽ ശമ്പളം ലഭിക്കാതെ പ്രയാസം അനുഭവിക്കുന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എ) കെ.ഇ.ആർ ഭേദഗതി മൂലം നിയമനാംഗീകാരം ലഭിക്കാത്ത സാഹചര്യമില്ല 03/12/2016-ലെ ജി.ഒ (പി) നം. 199/2016/ പൊ.വി.വ പ്രകാരമുള്ള കെ.ഇ.ആർ ഭേദഗതിക്ക് 29/01/2016 മുതൽ മുൻകാല പ്രാബല്യം നൽകിയിരുന്നു. ടി ഉത്തരവ് പ്രകാരം സർക്കാർ പ്രഖ്യാപിച്ച അദ്ധ്യാപക സംരക്ഷണത്തിനും നിയമനങ്ങൾക്കുമുള്ള മാനദണ്ഡങ്ങളും മാർഗ നിർദ്ദേശങ്ങളുമാണ് 03/12/2016-ലെ ഭേദഗതിയിൽ ഉൾപ്പെട്ടിരുന്നത്. ആയതിനാൽ ഈ ഭേദഗതികൾക്കു നൽകിയ മുൻകാല പ്രാബല്യം (29/01/2016) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയും അംഗീകരിച്ചിട്ടുണ്ട്. ഈ കെ.ഇ.ആർ ഭേദഗതിക്കുള്ള മുൻകാല പ്രാബല്യം ചട്ട വിരുദ്ധമല്ല. 29/01/2016 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി നടത്തപ്പെട്ട നിയമനങ്ങളുടെ അംഗീകാരങ്ങളൊന്നും തടസ്സപ്പെടുന്നില്ല.

(ബി) കെ.ഇ.ആർ ഭേദഗതി ഉത്തരവിന് മുൻകാല പ്രാബല്യം നൽകിയ നടപടി തിരുത്തി ഇത്തരം നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?.

(ബി) ഇപ്പോൾ ഈ കെ.ഇ.ആർ ഭേദഗതി ഉത്തരവ് ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ചിന്റെ പരിഗണനയിലാണ്. ഭേദഗതി ഉത്തരവിന്റെ മുൻകാല പ്രാബല്യം മാറ്റുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ